# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എസ്.ഡി. 11/599/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 29/07/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എസ്.ഡി. 11/599/2022 തീയ്യതി: 29/07/2022

## കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽകുമാർ.എസ് | ഡെപ്യൂട്ടി ഡയരക്ടർ | 14-06-2022 | 21-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-06-2022 | 21-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പ്രസീത രാജൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |

| | | | |
|---|---|---|---|
| ഗിരിജ മോഹനൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| വിനോദ് കുമാർ എം.പി | സെക്രട്ടറി | 01-04-2020 | 11-03-2021 |
| വി.പി. മോഹനൻ നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വി.പി മോഹനൻ നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| പി.വി. മോഹനൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| രാജീവൻ.പി.വി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ജിബിൻ ചെറിയാൻ | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| അനീഷ്.ടി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഭീമനടി സർക്കിൾ | 01-04-2020 | 01-03-2021 |
| ചാക്കോ.പി.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഭീമനടി സർക്കിൾ | 02-03-2021 | 31-03-2021 |
| അനീഷ്.ടി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നർക്കിലക്കാട് സർക്കിൾ | 01-04-2020 | 30-06-2020 |
| പ്രവീണ.കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നർക്കിലക്കാട് സർക്കിൾ | 01-07-2020 | 03-02-2021 |
| അനീഷ്.ടി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നർക്കിലക്കാട് സർക്കിൾ | 04-02-2021 | 01-03-2021 |
| ചാക്കോ.പി.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നർക്കിലക്കാട് സർക്കിൾ | 02-03-2021 | 31-03-2021 |
| മിനി ജോസഫ് | പ്രധാനധ്യാപകൻ | 01-04-2020 | 11-06-2020 |
| ഗോപാലകൃഷ്ണൻ | പ്രധാനധ്യാപകൻ | 12-06-2020 | 31-03-2021 |
| ശോഭ.കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ലീന.ബി | മെഡിക്കൽ ഓഫീസർ | 01-04-2020 | 13-01-2021 |

| | | | |
|---|---|---|---|
| | ആയുർവ്വേദം | | |
| ദിവ്യ.സി.ബി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 14-01-2021 | 31-03-2021 |
| ഡോ.റിയോ മാത്യൂ | മെഡിക്കൽ ഓഫീസർ എഫ് എച്ച്.സി നർക്കിലക്കാട് | 01-04-2020 | 03-07-2020 |
| ഡോ.ഷിനിൽ.വി | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നർക്കിലക്കാട് | 04-07-2020 | 28-12-2020 |
| ഡോ.റിയോ മാത്യൂ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നർക്കിലക്കാട് | 29-12-2020 | 01-03-2021 |
| ഡോ.ഷമീർ.ടി.കെ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നർക്കിലക്കാട് | 02-03-2021 | 31-03-2021 |
| വിജ്ഞല.കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ജയലക്ഷ്മി.കെ | ക്ഷീര വികസന ഓഫീസർ | 01-04-2020 | 16-01-2021 |
| ഒഴിവ് | ക്ഷീര വികസന ഓഫീസർ | 17-01-2021 | 31-01-2021 |
| ശാലിനി | ക്ഷീര വികസന ഓഫീസർ | 01-02-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vineeth Kumar K.P (Audit Officer, On 23-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 23-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 03-07-2022) | 1-2 |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അപാകത<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 03-07-2022) | 1-2-1 |
| 4 | ബാധ്യതാ തുകകൾ -അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 03-07-2022) | 1-2-2 |
| 5 | സാംഖ്യ-ഐ.എൽ..ജി.എം.എസ് പോർട്ടിംഗ് .<br>Written By: Thomas. K (Asst. Audit Officer, On 23-07-2022)<br>Last Updated By: Jayananda. H (Audit Officer, On 25-07-2022) | 1-2-3 |
| 6 | മറ്റ് അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 23-07-2022) | 1-2-4 |
| 7 | സാമ്പത്തിക വിശകലനം<br>Written By: Thomas. K (Asst. Audit Officer, On 22-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 23-07-2022) | 1-3 |
| 8 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 22-06-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 22-06-2022) | 1-4 |
| 9 | പദ്ധതി അവലോകനം<br>Written By: Vineeth Kumar K.P (Audit Officer, On 23-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 23-06-2022)<br>Last Updated By: Kunjhikrishnan. K.C (Asst. Audit Officer, On 23-06-2022) | 1-6 |
| 11 | വിവിധ ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 23-06-2022)<br>Last Updated By: Kunjhikrishnan. K.C (Asst. Audit Officer, On 23-06-2022) | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Bindu.V.V (Auditor, On 23-06-2022)<br>Last Updated By: Bindu.V.V (Auditor, On 23-06-2022) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Vineeth Kumar K.P (Audit Officer, On 23-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 15-07-2022) | 1-9 |
| 14 | വാടകയിനത്തിൽ വൻ കുടിശ്ശിക<br>Written By: Bindu.V.V (Auditor, On 02-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 23-07-2022) | 1-10 |
| 15 | വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Bindu.V.V (Auditor, On 02-07-2022)<br>Last Updated By: Bindu.V.V (Auditor, On 02-07-2022) | 1-11 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. | 1-12 |

| | | |
|---|---|---|
| | Written By: Bindu.V.V (Auditor, On 02-07-2022)<br>Last Updated By: Bindu.V.V (Auditor, On 02-07-2022) | |
| 17 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു.<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 23-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-07-2022) | 1-13 |
| 18 | മാങ്ങോട് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതി - പൂർത്തീകരിച്ചിട്ടില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 22-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 25-07-2022) | 1-14 |
| 19 | കീൽട്ടക്കയം-നാട്ടക്കൽ പൈപ്പ് ലൈൻ നീട്ടൽ പദ്ധതി - പൂർത്തീകരിച്ചിട്ടില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 22-06-2022)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 22-06-2022) | 1-15 |
| 20 | ഗ്രാമപഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് പദ്ധതി - തുക നിക്ഷേപിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പ്രവർത്തി തുടങ്ങിയിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 22-06-2022)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 22-06-2022) | 1-16 |
| 21 | നർക്കിലക്കാട് FHC കെട്ടിടം വയറിംഗിന് തുക നൽകൽ പദ്ധതി - പൂർത്തീകരിച്ചിട്ടില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 22-06-2022)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 22-06-2022) | 1-17 |
| 22 | ഹീമറ്റോളജി അനലൈസർ വാങ്ങൽ പദ്ധതി- മുഴുവൻ ചെലവ് രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 23-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-07-2022) | 1-18 |
| 23 | വനിതാ ക്ഷീര കർഷകരുടെ കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി- അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 23-07-2022) | 1-19 |
| 24 | ധാതു ലവണ മിശ്രിതം വിതരണ പദ്ധതി -അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 03-07-2022) | 1-20 |
| 25 | തുക നൽകി ഒരു വർഷം കഴിഞ്ഞിട്ടും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 03-07-2022) | 1-21 |
| 26 | പച്ചക്കറി കൃഷി വികസനം(വനിത)- ഗ്രോബാഗ് വിതരണം- ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത തുകയുടെ കൃത്യത ലഭ്യമാക്കിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 23-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-07-2022) | 1-22 |
| 27 | സുഭിക്ഷ കേരളം-ബയോഫ്ളോക്ക് മത്സ്യകൃഷി-വകുപ്പ് വിഹിതം വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Vineeth Kumar K.P (Audit Officer, On 02-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-07-2022) | 1-23 |
| 28 | ജി.എസ്.ടി. കോമ്പൻസേഷൻ- നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Vineeth Kumar K.P (Audit Officer, On 02-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-07-2022) | 1-24 |
| 29 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവ് ചെയ്യേണ്ട നികുതികൾ കുറവ് ചെയ്തതായി കാണുന്നില്ല.<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 23-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 23-07-2022) | 1-25 |

| | | |
|---|---|---|
| 30 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു.<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-07-2022) | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 19-06-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 19-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 19-06-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 19-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 25-07-2022) | 4-3 |
| 4 | മൊബലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 21-06-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 21-06-2022) | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 21-06-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 21-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 21-06-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 21-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 21-06-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 21-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 21-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 15-07-2022) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 21-06-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 21-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Thomas. K (Asst. Audit Officer, On 21-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 23-07-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 19-06-2022)<br>Last Updated By: Priyesh M.K (Computer Assistant, On 28-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |

| | |
|---|---|
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 01/01<br>തിയതി 28.02.2020 | 06/1<br>തിയതി .20.01.2021 |
| മുന്നിരിപ്പ് | 7551202 | 1091552 |
| വരവ് | 213226000 | 209975377 |
| ആകെ | 220777202 | 211066929 |
| ചെലവ് | 213892202 | 208631261 |
| നീക്കിയിരിപ്പ് | 6885000 | 2435668 |

### 1-2 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അപാകത

ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിംഗ് സിസ്റ്റം സാംഖ്യയിൽ നിന്നും ILGMS -ലേക്ക് മാറിയ 11.11.2020 ലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ആകെ ഇൻകം, എക്സ്പെൻഡിച്ചർ എന്നിവയിൽ ILGMS ലെ തുക സാംഖ്യയിലെ തുകയുമായി വ്യത്യാസം ഉള്ളതായി കാണുന്നു. വ്യത്യാസം പരിശോധിച്ച് ആയത് ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്

| ഇനം | സാംഖ്യ (11.11.2020) | ഐ.എൽ.ജി.എം.എസ് (11.11.2020) |
|---|---|---|
| ഇൻകം | 59883662 | 59887362 |
| എക്സ്പെൻഡിച്ചർ | 49501365 | 51602405 |

### 1-2-2 ബാധ്യതാ തുകകൾ -അപാകതകൾ

എ) ഐ.സി.ഡി.എസ് കേന്ദ്രവിഹിതമിനത്തിൽ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരം വിനിയോഗിക്കുവാൻ അവശേഷിച്ച തുകയായി കാണിച്ചിട്ടുള്ള 1215396/- രൂപയുടെ കൃത്യത പരിശോധിക്കുക. വർഷാവസാന ബാധ്യത തുക പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| മുന്നിരിപ്പ് (31.03.2020 ലെ ബാലൻസ് ഷീറ്റ് പ്രകാരം | 1032521 |
| തൻവർഷ വരവ് R&P പ്രകാരം | 1095735 |
| ആകെ | 2128256 |
| സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | 1147686 |
| നീക്കിയിരിപ്പ് വേണ്ടത് | 980570 |
| ബാലൻസ് ഷീറ്റ് B4 പ്രകാരമുള്ള നീക്കിയിരിപ്പ് | 1215396 |

ബി) ബാലൻസ് ഷീറ്റിൽ ബി9-ഷെഡ്യൂളിലെ ചുവടെ ചേർത്ത ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത പരിശോധിക്കുക ഇവ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെക്കേണ്ട തുകകളാണെങ്കിൽ ആയതിനുള്ള നടപടികളും, മറ്റ് സ്ഥാപനങ്ങളിൽ ഒടുക്കേണ്ട തുകകളാണെങ്കിൽ ആയതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

| ഹെഡ്ഡ് | തുക |
|---|---|
| 350400999 | ₹ 20,047/- |
| 350400501 | ₹25,000/- |
| 350800102 | ₹ 1,10,831/- |

സി) ബാലൻസ് ഷീറ്റിൽ 320100999 എന്ന ഹെഡ്ഡിൽ തൻ വർഷം PDE ആയി ഉൾപ്പെടുത്തിയ 39,000/- രൂപ , നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്ററിനറി സർജ്ജൻ തിരിച്ചടച്ച 30,000/- രൂപയും, പെൻഷൻ തുകയിനത്തിൽ തിരിച്ചടച്ച 9,000 രൂപയും ഉൾപ്പെടുന്നതാണെന്ന് അധികൃതർ അറിയിക്കുകയുണ്ടായി . പ്രസ്തുത തുകയുടെ കൃത്യത ഉറപ്പാക്കി സർക്കാരിലേയ്ക്ക് തിരികെ ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി) പ്രത്യേക ഉദ്ദേശ പദ്ധതി അക്കൗണ്ടുകളിൽ (ശുചിത്വ മിഷൻ, വെസ്റ്റേൺ ഗാട്ട്) തൻവർഷം ലഭിച്ച പലിശ തുകകൾ പ്രസ്തുത ഇനങ്ങളിലെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമൂലം ഈയിനങ്ങളിലെ ബാലൻസ് ഷീറ്റിലെ ബാധ്യത തുകയിൽ വ്യത്യാസമുണ്ട്.

### 1-2-3 സാംഖ്യ-ഐ.എൽ..ജി.എം.എസ് പോർട്ടിംഗ് .

ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ ILGMS അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറിയ തിയതി വരെയുള്ള കണക്കുകൾ സാംഖ്യയിൽ തയ്യാറാക്കിയത് Past Data Entry ( PDE ) വഴി ILGMS ലേക്ക് ഇന്റഗ്രേറ്റ് ചെയ്ത് 01.04.2020 മുതൽ 31.03.2021 വരെയുള്ള സാമ്പത്തിക വർഷത്തെ വരവ്-ചെലവുകൾ ഉൾകൊള്ളുന്ന വാർഷിക ധനകാര്യപ്പത്രിക തയ്യാറാക്കിയിട്ടുണ്ട്. ഈ വാർഷിക ധനകാര്യപ്പത്രികയിൽ 31.03.2020 ലെ ബാലൻസ് ഷീറ്റിലെ ബാലൻസ് തുകകൾ 01.04.2020 ലെ ILGMS ഓപ്പണിംഗ് ബാലൻസിലേക്ക് കൊണ്ടുവന്നപ്പോൾ ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ കൂട്ടിച്ചേർക്കപ്പെടുകയും, ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ വിഭജിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കൂട്ടിച്ചേർക്കപ്പെടുകയും, വിഭജിക്കപ്പെടുകയും ചെയ്ത അക്കൗണ്ട് ഹെഡുകളിലെ ആകെ തുകയും, സാംഖ്യവഴി മുൻ ബാലൻസ് ഷീറ്റിൽ ഉണ്ടായിരുന്ന ബാലൻസ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്. ഇപ്രകാരം തയ്യാറാക്കിയ വാർഷിക ധനകാര്യപ്പത്രിക 29.09.2021 ൽ ഓഡിറ്റിനായി സമർപ്പിക്കുകയുണ്ടായി. ആയതിന്റെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു,

A. സാംഖ്യയിൽ ഓരോ ബാങ്ക് / ട്രഷറി അക്കൗണ്ടിനും പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട്സ് ട്രയൽ ബാലൻസിൽ രേഖപ്പെടുത്തപ്പെട്ടിരുന്നു. എന്നാൽ ILGMS-മുഖേന തയ്യാറാക്കിയിരിക്കുന്ന വാർഷിക ധനകാര്യപ്പത്രികയിലെ ട്രയൽ ബാലൻസിൽ താഴെപ്പറയുന്ന പ്രകാരം ബാങ്ക്/ ട്രഷറി എന്നിവയ്ക്കായി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് മാത്രമേ ഉള്ളൂ.

| | |
|---|---|
| 450 210 101 | Nationalised Bank Account For Own Fund Revenue Fund |
| 450 210 102 | Co-Operative Bank Account For Own Fund Revenue Fund |
| 450 210 104 | Treasury Accounts For Traditional Functions Fund |

ഇപ്രകാരം തനത് ഫണ്ട് അക്കൗണ്ടുകൾക്കെല്ലാം കൂടി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് ആയതിനാൽ ഗ്രാമ പഞ്ചായത്തിലെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ ട്രാൻസ്സാക്ഷൻ ഡീറ്റയിൽസ് ട്രയൽ ബാലൻസിലൂടെ പരിശോധിക്കാനാവുന്നില്ല. അതേസമയം ട്രഷറി അക്കൗണ്ടുകൾക്ക് തരം തിരിച്ച് ഹെഡ് ഓഫ് അക്കൗണ്ട്സ് നല്കിയിട്ടുമുണ്ട്.

B. സൂചിക, സേവന സിവിൽ രജിസ്ട്രേഷൻ ( Birth & Death And Marriage Registration ), സാംഖ്യ ( ലോക്കൽ) എന്നീ ആപ്ലിക്കേഷനുകൾ മാത്രമേ ILGMS മായി ലിങ്ക് ചെയ്തിട്ടുള്ളൂ. ബാക്കി പ്രധാന

ആപ്ലിക്കേഷനുകളായ സുലേഖ, സാംഖ്യ ( വെബ്), സഞ്ചയ എന്നിവ ലിങ്ക് ചെയ്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് ഇൻ എയ്ഡ് ചെലവുകളും, പ്രൊജക്ട് ചെലവുകളും ILGMS ൽ Real Time Mapping നടക്കുന്നില്ല. പ്രൊജക്ട് ചെലവുകളുടെ ഫയലുകളും, ILGMS വഴി പരിശോധിക്കാൻ സാധിക്കുന്നില്ല. E-Bill Generation ILGMS-ൽ പ്രാവർത്തികമായിട്ടില്ല.

C. സാംഖ്യയിൽ നിന്ന് ലഭ്യമായിരുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, പേമെന്റ് വൗച്ചർ ലിസ്റ്റ് എന്നിവ ഇപ്പോൾ ILGMS-ൽ നിന്ന് ലഭിക്കുന്നില്ല. കൂടാതെ വൗച്ചർ സെർച്ചിംഗ്, വൗച്ചർ ട്രേസിംഗ് എന്നിവ നടത്തുന്നതിനും സഹായകരമായ രീതിയിൽ ബിൽ രജിസ്റ്റർ ILGMS ൽ ചേർക്കേണ്ടതുണ്ട്. നിലവിൽ ഫയൽ നമ്പർ അടിസ്ഥാനത്തിൽ മാത്രമേ വൗച്ചർ സെർച്ച് ചെയ്യാൻ സാധിക്കുകയുള്ളൂ. ആയതിനാൽ വൗച്ചറുകളുടെ തുടർച്ച പരിശോധനവിധേയമാക്കാൻ പ്രയാസം അനുഭവപ്പെടുന്നുണ്ട്. ഉദാഹരണത്തിന് 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് വരെയുള്ള വൗച്ചറുകളുടെ തുടർച്ചയായ പരിശോധന സാധ്യമാകുന്ന തരത്തിൽ ഒരു ബിൽ രജിസ്റ്ററോ, പേയ് മെന്റ് വൗച്ചർ ലിസ്റ്റോ ഇപ്പോൾ ILGMSൽ ലഭ്യമല്ല.

D. അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ILGM-ൽ ഓഡിറ്റ് പിരീഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

E. തൊഴിൽ നികുതി, വാടക , ലൈസൻസ് എന്നിവയുടെ ഡിമാന്റ് ഇപ്പോഴും മാനുവൽ രജിസ്റ്റർ പ്രകാരം തന്നെയാണ് തയ്യാറാക്കുന്നത്. ILGMSൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ചേർത്താൽ മാത്രമേ എല്ലാ വരവിനങ്ങളുടെയും കൃത്യമായ ഡിമാന്റ് കളക്ഷൻ- ബാലൻസ് സ്റ്റേറ്റ് മെന്റ് പരിശോധിക്കാനാവൂ. സഞ്ചയ ആപ്ലിക്കേഷനിൽ ഡിമാന്റിലുള്ള വ്യത്യാസം ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി ക്രമീകരിക്കുന്ന പ്രക്രിയ ഇപ്പോഴും പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

F. അസറ്റ് രജിസ്റ്റർ സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. എല്ലാ അസറ്റുകളും ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിയാൽ മാത്രമേ വാർഷികധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റിലെ B-11 (A) ഷെഡ്യൂൾ പ്രകാരം ചേർത്തിരിക്കുന്ന Accumulated Depreciation എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ തുകകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ.

G. ILGMS നിലവിൽ വന്ന തീയതി മുതൽ പഞ്ചായത്തിന്റെ ഭരണ- എസ്റ്റാബ്ലിഷ് മെന്റ് - പ്രവർത്തനച്ചെലവുകളും എല്ലാ ചെലവുകളും “ Amount Payble To Other Creditors” എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് (350 109 999) പോസ്റ്റ് ചെയ്യപ്പെടുന്നത്. ആയതിനാൽ അതിനുശേഷമുള്ള തൻവർഷ റവന്യൂ ചെലവുകൾ ഇൻകം & എക്സ് പെൻഡിച്ചർ പത്രികയിൽ മാത്രമേ പ്രതിഫലിക്കുകയുള്ളൂ. 01.04.2020 മുതൽ ILGMS നിലവിൽ വന്ന തീയതിവരെയുള്ള ചെലവുകളാണ് റസീപ്റ്റ് & പേമെന്റ് ഷെഡ്യൂളുകളിൽ പ്രതിഫലിക്കുന്നത്.

H. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യാഗസ്ഥരുടെ സീറ്റ് - റോൾ - മൈനർ മാപ്പിംഗ് ഐ.എൽ.ജി.എം.എസിൽ നടത്തിയിട്ടില്ല.

I. സാംഖ്യയിലേയും ഐ എൽ ജി എം എസ്-ലേയും RP ഷെഡ്യൂളുകളിൽ വ്യത്യാസം കാണുന്നു.

| Schedule | Sankhya | ILGMS |
|---|---|---|
| Earmarked Funds | RP- 29 | RP- 28 |
| Grants, Funds & Contributions For Specific Purposes | RP- 31 | RP- 30 |
| Secured Loans | RP- 32 | RP- 31 |
| Deposits Received | RP- 34 | RP- 33 |
| Other Liabilities | RP- 36 | RP- 35 |

| | | |
|---|---|---|
| Sundry Debtors (Receivables) | RP- 43 | RP- 45 |
| Establishment Expenses | RP- 11 | RP- 12 |
| Administrative Expenses | RP- 12 | RP- 13 |
| Operations & Maintenance | RP- 13 | RP- 14 |
| Loans, Advances & Deposits | RP- 47 | RP- 49 |

J. സാഖ്യയിൽ ഉൾപ്പെട്ട ആസ്തികൾ ILGMSലേയ്ക്ക് പോർട്ട് ചെയ്തപ്പോൾ ഉല്പാദനം, സേവനം, പശ്ചാത്തലം, മറ്റ് ആസ്തികൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ആസ്തികൾ തരംതിരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

K. B-9 ഷെഡ്യൂളിൽ ഉൾപ്പെടേണ്ടിയിരുന്ന മറ്റ് ലൈബിലിറ്റികൾ എന്ന ഇനം B-4 ഷെഡ്യൂളിൽ 32010099 എന്ന കോഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

L. ഒരേ ഇനത്തിന് വ്യത്യസ്ത കോഡുകൾ നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| കോഡ് (മുൻ വർഷം) | ഇനം | പുതിതായി(2020-21) രേഖപ്പെടുത്തിയിട്ടുള്ള കോഡ് | ഇനം | റിമാർക്ക്സ് |
|---|---|---|---|---|
| 140400108 | Correction Fee- Marriage Reristration (Common) Rule 2008 | 140120199 | Fee For Correction In Marriage Register (Except Clerical Error) + Issue Of Certificate | Different Codes For Same Item |
| | | 140130113 | Fee For Correction In Marriage Register (Except Clerical Error) + Issue Of Certificate | |

M. സാംഖ്യയിൽ Non Availability Certificate എന്ന ഇനം ഉൾപ്പെടുത്തിയ കോഡ് ഐ.എൽ.ജി.എം.എസിൽ വ്യത്യാസ്ത ഇനമായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| കോഡ് (മുൻ വർഷം) | ഇനം | പുതിതായി(2020-21) രേഖപ്പെടുത്തിയിട്ടുള്ള കോഡ് | ഇനം | റിമാർക്ക്സ് |
|---|---|---|---|---|
| 140130105 | Fee For Non Availability | 140130105 | Fee For Name Inclusion | Same Head But Different |

| | | | | |
|---|---|---|---|---|
| | Certificate | | Of Those Who Didnot Join School + Certificate Issue | Item |

N. സാംഖ്യയിൽ വ്യത്യസ്ഥ ഇനത്തിൽ രേഖപ്പെടുത്തിയിരുന്ന തുകകൾ ഐ.എൽ.ജി.എം.എസിൽ ഒരു ഇനത്തിലായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 410100199-B-11 | LAND-OTHERS | 415120101 B-11 (E) | OTHER BUILDINGS - LAND |
| 410200104 B-11 | BUILDINGS- BURIAL GROUNDS | | |
| 410200199 B-11 | BUILDING - OTHERS | | |
| 410300101 B-11 | ROADS- CEMENT CONCRETE | 415110001 B-11 (E) | ROADS - NEW ROADS |
| 410300104 B-11 | ROADS - GRAVEL | | |
| 410710101 B-11 | MOVABLE ASSETS - PLANT, MACHINERY AND TOOLS | 41512008 B-11 (E) | LOCAL SELF GOVERNMENT INSTITUTIONS OFFICER BUILDING - EQUIPMENTS |
| 410710103 B-11 | MOVABLE ASSETS - OFFICE EQUIPMENTS & OTHER EQUIPMENTS | | |
| 410710199 B-11 | MOVABLE ASSETS- OTHERS | 410800101 B-11 | OTHER FIXED ASSETS |
| 410800101 B-11 | OTHER FIXED ASSETS | | |

1-2-4 മറ്റ് അപാകതകൾ

എ) വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ഇനത്തിൽ ട്രഷറി ബിൽ നം.4/21.4.2020 പ്രകാരം 60,000 രൂപ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വരവും ചെലവും വാർഷിക കണക്കിൽ

ഉൾപ്പെട്ട് കാണുന്നില്ല.

ബി) സുലേഖ ചെലവ് പത്രിക പ്രകാരം പ്രൊ.നം. 207/20-21 (പ്ലാസ്റ്റിക് വേസ്റ്റ് തരം തിരിവ് കേന്ദ്രം നിർമ്മാണം) ന്റെ ഭാഗമായി സംയുക്ത പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം ചെലവായി 7,48,570/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ കൃത്യത പരിശോധിച്ച് ഈ തുക ജില്ലാ പഞ്ചായത്ത് ഫണ്ട് തന്നെയാണെങ്കിൽ പ്രസ്തുത തുക വരവ് വന്നതിന്റെയും, തൻവർഷം ചെലവഴിച്ചത് ഏത് അക്കൗണ്ടിൽ നിന്നാണെന്നുമുള്ള വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

സി) ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഡി) വാടക ഡിമാന്റ് രജിസ്റ്റർ വർഷാന്ത്യ സംഗ്രഹം രേഖപ്പെടുത്തി , സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 23430958 |
| വരവ് | 115805352 |
| ആകെ | 139236310 |
| ചെലവ് | 121363310 |
| നീക്കിയിരിപ്പ് | 17873000 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ)ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2020-21)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21210750 | 21210750 | 19222433 | 1988317 | 90.62 |
| വികസനഫണ്ട് എസ്.സി.പി. | 0 | 241000 | 241000 | 210614 | 30386 | 87.39 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 12362679 | 12362679 | 12287414 | 75265 | 99.39 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10354000 | 10354000 | 10319344 | 34656 | 99.66 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5953000 | 5953000 | 5953000 | 0 | 100 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് | 0 | 19460103 | 19460103 | 12896679 | 6563424 | 66.27 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 8280000 | 8280000 | 2425319 | 5854681 | 29.29 |
| ആകെ | 0 | 77861532 | 77861532 | 63314803 | 14546729 | 81.31 |

(വികസന ഫണ്ട് ജനറൽ (₹34,02,679/-), വികസന ഫണ്ട് ടി.എസ്.പി(₹20,93,529/-), സംരക്ഷണ ഗ്രാന്റ് നോൺ റോഡ് (₹60,210/-) , എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറച്ച തുകകൾ മേൽപട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്)

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15819754 | 15819754 | 15819754 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 210614 | 210614 | 210614 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 10193885 | 10193885 | 10193885 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10319344 | 10319344 | 10319344 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5892790 | 5892790 | 5892790 | 0 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് | 0 | 12896679 | 12896679 | 12896679 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 2425319 | 2425319 | 2425319 | 0 |
| ബിഫണ്ട് | | | | | |
| വിവാഹ ധനസഹായം | 0 | 60000 | 60000 | 60000 | 0 |
| തൊഴിലുറപ്പ് പദ്ധതി 100 ദിന ഇൻസെന്റീവ് | 0 | 457000 | 457000 | 457000 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 949000 | 1974923 | 2923923 | 1974923 | 949000 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് പഞ്ചായത്ത്) | 1342472 | 4050000 | 5392472 | 4846001 | 546471 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |

| | | | | | |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | 22215 | 1892860 | 1915075 | 669569 | 1245506 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 1032521 | 1095735 | 2128256 | 1147686 | 980570 |
| ടോട്ടൽ സാനിറ്റേഷൻ | 40751 | 1181480 | 1222231 | 183122 | 1039109 |
| വെസ്റ്റേൺ ഗാട്ട് | 3238 | 129 | 3367 | 0 | 3367 |
| പൈക്ക | 4000 | 0 | 4000 | 0 | 4000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ശുചിത്വ മിഷൻ | 1960279 | 1776794 | 3737073 | 1018986 | 2718087 |
| അങ്കണവാടി നെയിം ബോർഡ് | 0 | 72000 | 72000 | 0 | 72000 |
| ലൈഫ് പദ്ധതി വായ്പ | 0 | 1370000 | 1370000 | 1370000 | 0 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 0 | 18266990 | 18266990 | 18266990 | 0 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2020-21 വർഷം 1,49,35,400/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും മാത്രമുള്ള ചെലവ് കണക്കാക്കുവാൻ സാധിച്ചിട്ടില്ല.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2019-20 വർഷം 7,08,42,703/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6)

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2020-21 വർഷം 5,85,75,700/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 232 | 193038895 | 195 | 103802189 | 0 | 37 | 84.05 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ | 2020-21വർഷം നടപ്പാക്കിയ | ചെലവ് ശതമാ |
|---|---|---|---|---|

| | | നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | പദ്ധതികളുടെ വിവരം | | നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 29 | 19105137 | 22 | 12237256 | 64.05 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 5579000 | 9 | 5206062 | 93.31 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 131 | 48224554 | 110 | 34347142 | 71.22 |
| 4 | കൃഷി ഓഫീസർ | 13 | 6728093 | 12 | 3619241 | 53.79 |
| 5 | വെറ്റിനറി സർജ്ജൻ | 8 | 5489000 | 8 | 4891398 | 89.11 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 92246400 | 12 | 30666827 | 33.24 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 5755768 | 4 | 4704889 | 81.74 |
| 8 | പ്രധാനധ്യാപകൻ | 5 | 1220000 | 5 | 1077494 | 88.31 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 800000 | 1 | 800000 | 100 |
| 10 | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി | 9 | 3738303 | 8 | 3596738 | 96.21 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 200000 | 1 | 200000 | 100 |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 2095640 | 1 | 2095640 | 100 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 1857000 | 2 | 359502 | 19.35 |
| | ആകെ | 232 | 193038895 | 195 | 103802189 | 53.77 |

.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 22215 | 1892860 | 1915075 | 669569 | 1245506 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 70842703 | 70842703 | 70842703 | 0 |
| ആകെ | 22215 | 72735563 | 72757778 | 71512272 | 1245506 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 905 പദ്ധതികളുൾപ്പെടുന്ന 25.75 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 499 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 192883 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 1155 കുടുംബങ്ങളുണ്ട്.

## 1-7 വിവിധ ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 7533100 | 543 |
| വിധവാപെൻഷൻ | 14976200 | 998 |
| വാർദ്ധക്യകാലപെൻഷൻ | 30480000 | 2165 |
| വികലാംഗപെൻഷൻ | 5102400 | 329 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 484000 | 30 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14/06/2022 തീയ്യതിയിൽ 3 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യാഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 7,157/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഗ്രാമ പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളെ വാർഷികപദ്ധതി പ്രകാരമുള്ള ചെലവുകളുമായി സംയോജിപ്പിച്ച് ധനകാര്യ റിപ്പോർട്ടിംഗിൽ സ്ഥാപനതലനിയന്ത്രണം സാധ്യമാക്കിയിട്ടില്ല.

2) ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങളിലുള്ള

മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. സഞ്ചയ പോലുള്ള പോലുള്ള സോഫ്റ്റ് വെയറുകൾ ഐ.എൽ.ജി.എം.എസ് സംവിധാനവുമയി ലിങ്ക് ചെയ്തിട്ടില്ല.

3) ഓഫീസ് മീറ്റീങ്ങ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. 2020-21 വർഷം 07/05/2020, 03/08/2020, 23/09/2020, 05/01/2021, 09/02/2021 എന്നീ തിയതികളിൽ മാത്രമാണ് ഓഫീസ് മീറ്റീങ്ങുകൾ ചേർന്നിട്ടുള്ളത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്.

4) ഭരണ സംവിധാനം

ഓഡിറ്റ് വർഷം ഭരണ സമിതി 22 തവണ യോഗം ചേർന്നിട്ടുണ്ട്. വികസനം, ക്ഷേമം , പൊതുമരാമത്ത് , ആരോഗ്യ വിദ്യാഭ്യസം , ധനകാര്യം , എന്നീ സ്റ്റാന്റിംഗ് കമ്മറ്റികളും ഗ്രാമ പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകളുടെ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്.

5)ഓഡിററ് മോണിറ്ററിംഗ് സമിതി മിനിട്സ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും യോഗം ചേർന്നത് സംബന്ധിച്ച ഒന്നും തന്നെ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി 10/08/2020, 14/08/2020, 05/11/2020, തിയതികളിൽ യോഗം ചേർന്നിട്ടുണ്ട്.

6) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

7) പദ്ധതിപ്രവർത്തനങ്ങളിൽ മോണിറ്ററിംഗിന്റെ അഭാവം ശ്രദ്ധയിൽപ്പെട്ടുകയുണ്ടായി. വിവിധ പദ്ധതികൾക്കായി തുക വിനിയോഗിക്കപെടുന്നുണ്ടെങ്കിലും പദ്ധതികൾ ഫലവത്തായി നടന്നിട്ടുണ്ടോ എന്നത് കൃത്യമായി പരിശോധിക്കപ്പെടുന്നില്ല. മോണിറ്ററിംഗ് സമതികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾക്കായി , കേരള ജല അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, തുടങ്ങിയ സ്ഥാപനങ്ങൾക്ക് കൈമാറുന്ന തുകകൾ സമയബന്ധിതമായും, ഫലപ്രദമായും വിനിയോഗിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരും, ഭരണ സമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

8) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി, ബാങ്ക് അക്കൗണ്ടുകളിലെ വരവ് ചെലവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്.

9) ഇൻകമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ഇതിൽ കൈമറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

10) ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി

അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

1-10 വാടകയിനത്തിൽ വൻ കുടിശ്ശിക

വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്ത സ്ഥാപനങ്ങൾ വാടക കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുകയുണ്ടായി.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | മാസവാടക | ഒരു വർഷത്തേക്ക് ആകെ വാടക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | III/440 | സിയ.കെ.എ | 19,000 | 19000X9=1,71,000 | 19000X6=1,14,000 | 19000X3=57,000 |
| 2 | III/443 | ജ്യോതിഷ് ജോർജ് | 5,500 | 5500X9=49,500 | 5500X2=11,000 | 5500X7=38,500 |
| 3 | III/439 | നബീസത്ത് | 6,550 | 6550X9=58,950 | 6550X7=45,850 | 6550X2=13,100 |
| 4 | III/438 | നജീബ് | 22,000 | 22000X6=1,32,000 | 22000X3=66,000 | 22000X3=66,000 |
| ആകെ | | | | | | 1,74,600 |

മേൽ സ്ഥാപനങ്ങളിൽ നിന്നും 2020-21 വർഷത്തെ വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.16/20-21 തീയതി : 20.06.2022)

1-11 വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന വാടക രജിസ്റ്ററിൽ ഒരു ലൈസൻസിയുടെ വിവിധ വർഷങ്ങളിലെ വാടക വിവരങ്ങൾ ഒരുമിച്ച് എഴുതുന്ന രീതിയാണ് തുടർന്നു വരുന്നത്. കൂടാതെ വാടക രജിസ്റ്ററിൽ വർഷാവസാനം ആ വർഷത്തെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ ഉൾപ്പെടുന്ന സംഗ്രഹം എഴുതിയതായി കാണുന്നില്ല. ഓരോ സാമ്പത്തിക വർഷത്തെയും ഡിമാന്റ്, കലക്ഷൻ, ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേകം വാടക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ

വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-13 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു.

2020, 2021 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം "സേവന" വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായും, ചില ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചതായും കാണുകയുണ്ടായി (2020, 2021 ലെ അപേക്ഷാ രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി കണ്ടെത്തിയ വിവരങ്ങൾ, 2020, 2021 വർഷത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആധാർ രേഖകൾ ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.) സ. ഉ. (എം എസ്)483/17 /ധന/06.11.17 ഖ XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിംഗ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്തഗഡു മുതൽ പെൻഷൻ അനുവദിക്കാവുന്നതല്ല എന്നതുമാണ് സർക്കാർ നിർദ്ദേശം. മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താകൾക്ക് ചുവടെ ചേർത്തപ്രകാരം തുടർന്നും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|---|
| | | | | | മാസം | അനുവദിച്ച തുക |
| 1 | ജോസ് (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 811889780858 | 112110200721 | 07.10.2021 | നവംബർ-2021 | 1,600 |
| | | | | | ഡിസംബർ-2021 | 1,600 |
| | | | | | ജനുവരി-2022 | 1,600 |
| | | | | | ഫെബ്രുവരി-2022 | 1,600 |
| | | | | | മാർച്ച്-2022 | 1,600 |
| | | | | | ഏപ്രിൽ-2022 | 1,600 |
| | | | | | മെയ്-2022 | 1,600 |
| | | | | | ആകെ | 11,200 |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാത് മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ്

ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്. (സ.ഉ(പി) 97/20/ധന/23.9.20) ഖ. 13) മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.03/16.06.2022) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യസുരക്ഷ പെൻഷൻ ഇനത്തിൽ നൽകിയ തുകയായ 11,200/-രൂപ തിരികെ ഈടാക്കി ഡി ബി ടി സെല്ലിലേക്ക് തിരിച്ചടച്ച് വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 2020, 2021 വർഷങ്ങളിൽ ഡെത്ത് രജിസ്ട്രേഷൻ രജിസ്റ്ററിൽ 282 മരണം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡെത്ത് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ സേവന പെൻഷൻ വിവരങ്ങളുമായി ഒത്തു നോക്കി, ഇപ്രകാരമുള്ള ആരെങ്കിലും പെൻഷൻ വാങ്ങിക്കൊണ്ടിരുന്നവരായിരുന്നുവെങ്കിൽ എത്രയും വേഗം പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കേണ്ടതും, മരണപ്പെട്ട ശേഷവും പ്രസ്തുത ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് എത്രയും വേഗം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-14 മാങ്ങോട് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതി - പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.179/21

അടങ്കൽ - 9,60,000/-രൂപ – ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 9,60,000/-രൂപ

ബിൽ നം.03/2020-21/തിയ്യതി-21.4.2020 – 9,60,000/-രൂപ

ഗ്രാമപഞ്ചായത്തിലെ കുടിവെള്ളം വിതരണം കാര്യക്ഷമമാക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണ് മാങ്ങോട് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതി. പദ്ധതിക്കായി എക്സി.എഞ്ചിനീയർ, കേരളാ ജല അതോറിറ്റി ,പൊതുജനാരോഗ്യ വിഭാഗം കാസറഗോഡ് എസ്റ്റിമേറ്റ് നം.2018/12094 പ്രകാരം 9,60,000/-രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. അത് പ്രകാരം 9,60,000/-രൂപ കേരളാ ജല അതോറിറ്റിയിൽ നിക്ഷേപിച്ചു. ബിൽ നം.03/2020-21/തിയ്യതി-21.4.2020. അക്കൗണ്ട് നം.10510439545/SBI. കേരളാ ജല അതോറിറ്റിയുമായി കരാർ ഒപ്പിട്ടത്, പ്രവർത്തി പൂർത്തീകരിച്ചത് എന്നിവ സംബന്ധമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.14/20.6.2022 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 9,60,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-15 കീൽട്ടക്കയം-നാട്ടക്കൽ പൈപ്പ് ലൈൻ നീട്ടൽ പദ്ധതി - പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.261/21

അടങ്കൽ - 2,00,000/-രൂപ – ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 2,00,000/-രൂപ

ബിൽ നം.15/2020-21/തിയ്യതി-7.10.2020 – 2,00,000/-രൂപ

ഗ്രാമപഞ്ചായത്തിലെ കുടിവെള്ളം വിതരണം കാര്യക്ഷമമാക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണ് കീൽട്ടക്കയം-നാട്ടക്കൽ പൈപ്പ് ലൈൻ നീട്ടൽ പദ്ധതി. പദ്ധതിക്കായി കേരളാ ജല അതോറിറ്റി എസ്റ്റിമേറ്റ് നം.2020/9214 പ്രകാരം 2,00,000/-രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. കത്ത് നം.D1-9214/2020/Dt.19.8.2020 പ്രകാരം കേരളാ ജല അതോറിറ്റി എക്സി.എഞ്ചിനീയർ, പൊതുജനാരോഗ്യ വിഭാഗം, കാസറഗോഡ് തുക നിക്ഷേപിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അത് പ്രകാരം

2,00,000/-രൂപ കേരളാ ജല അതോറിറ്റിയിൽ നിക്ഷേപിച്ചു. ബിൽ നം.15/2020-21/തിയ്യതി-7.10.2020. അക്കൗണ്ട് നം.10510439545/SBI.കേരളാ ജല അതോറിറ്റിയുമായി 10.10.2020 ന് കരാർ ഒപ്പിട്ടു, കരാറിലെ വ്യവസ്ഥ ക്രമ നം.6 പ്രകാരം 31.12.2020 നകം പ്രവർത്തി പൂർത്തീകരിക്കണം. ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 18.3.2021 ന് കത്ത് നം.SC-2/3256/2020 പ്രകാരം പ്രവർത്തി പൂർത്തീകരണം, ഫൈനൽ ബില്ല് പകർപ്പ് എന്നിവ ആവശ്യപ്പെട്ട് കേരളാ ജല അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.11/20.6.2022 പ്രകാരം പൂർത്തീകരണ വിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 2,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-16 ഗ്രാമപഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് പദ്ധതി - തുക നിക്ഷേപിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പ്രവർത്തി തുടങ്ങിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.09/21

അടങ്കൽ - 1,27,500/-രൂപ – തനത് ഫണ്ട്

ചെലവ് - 1,27,500/-രൂപ

ബിൽ നം.870/2020-21/26.3.2021 – 1,27,500/-രൂപ

